**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1327** **27-07-2021 - ൽ മറുപടിയ്ക്ക്**

**മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി .** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പക്ഷിമൃഗാദികളിലെ രോഗബാധയുടേയും രോഗവ്യാപനത്തിന്റെയും ജന്തുജന്യരോഗങ്ങളുടേയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ അടിസ്ഥാന യൂണിറ്റുകളായ വെറ്ററിനറി ഡിസ്പെൻസറി, ഹോസ്പിറ്റലുകൾ എന്നിവയെ ശാക്തീകരിക്കുന്നതിനും വകുപ്പിന്റെ പുനസംഘടനയും, കർഷക സൗഹൃദ പദ്ധതികളും നടപ്പിൽ വരുത്തുവാനും ഉദ്ദേശിക്കുന്നു. ABC പദ്ധതിയും ശാസ്ത്രീയ അറവുശാലകളും, പുറമെ നിന്ന് കൊണ്ടു വരുന്ന മൃഗങ്ങളുടെ നിരീക്ഷണങ്ങൾക്കുതകുന്ന സജ്ജീകരണങ്ങളുടെ ലാബുകളും ക്വാറന്റൈൻ സംവിധാനങ്ങളും എല്ലാം ഈ സാഹചര്യത്തിൽ ആവശ്യമാണ്. കോഴിക്കോട് ജില്ലയിൽ 2018 ൽ വ്യാപിച്ച നിപ്പ, പ്രളയനാന്തരം എലിപ്പനി പ്രതിരോധം, വയനാട് ജില്ലയിൽ ഏതാനും വർഷങ്ങളായി നടന്നു വരുന്ന കുരങ്ങുപനി നിയന്ത്രണ പ്രവർത്തനങ്ങൾ, ചെള്ളുപനി നിയന്ത്രണം, കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പക്ഷിപ്പനി പ്രതിരോധ നിയന്ത്രണങ്ങളൊക്കെ ജന്തുജന്യ രോഗ നിയന്ത്രണങ്ങൾക്കായി വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങളാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ വകുപ്പിനെ ഇതിനായി സഹായിക്കുന്നു. മനുഷ്യരിലെ പേവിഷബാധ സ്ഥിരീകരിക്കുന്നതും പാലോട്ടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകാരോഗ്യം (one health) നടപ്പിലാക്കുന്നതിനും വെറ്ററിനറി പൊതുജനാരോഗ്യം തുടങ്ങുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. |
| (ബി) | മൃഗാശുപത്രികളുടെ പ്രവർത്തനം നവീകരിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും കഴിഞ്ഞ | (ബി) | ഉണ്ട്. മൃഗാശുപത്രികളുടെ പ്രവർത്തനം നവീകരിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും കഴിഞ്ഞ അഞ്ചു വർഷം |

| | | | |
|---|---|---|---|
| | അഞ്ചുവർഷം സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | | അനുവദിച്ച ഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ക്രമനമ്പർ വർഷം അനുവദിച്ച തുക 1 2016-17 6,89,68,554/- 2 2017-18 5,66,34,170/- 3 2018-19 4,69,95,806/- 4 2019-20 3,89,81,653/- 5 2020-21 3,21,56,468/- |
| (സി) | മൃഗാശുപത്രികളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ജനകീയ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | 06-12-2014 ലെ സ.ഉ.(സാധാ) നം.2164/2014/ കൃഷി പ്രകാരമാണ് മൃഗചികിൽസാ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള മൃഗസംരക്ഷണ വികസന സമിതി രൂപീകരിക്കുന്നതു സംബന്ധമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കേരളത്തിലെ എല്ലാ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലും മൃഗാശുപത്രികളിലും വെറ്ററിനറി പോളിക്ലിനിക്കുകളിലും വെറ്ററിനറി ഡിസ്പൻസറികളിലും മൃഗസംരക്ഷണ വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വികസന സമിതിയുടെ അംഗങ്ങൾ താഴെ പറയും പ്രകാരമാണ്. a) സമിതി ചെയർമാൻ - അതത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ മേയർ/ പ്രസിഡന്റ്/ചെയർമാൻ b) സമിതി കൺവീനർ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയിലെ ചീഫ് വെറ്ററിനറി ഓഫീസർ/ സീനിയർ വെറ്ററിനറി സർജൻ /വെറ്ററിനറി സർജൻ c) വൈസ് ചെയർമാൻ - തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ d) അംഗങ്ങൾ - സ്ഥാപനം സ്ഥിതി ചെയ്യുന്ന വാർഡിലെ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പ്രതിനിധി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ജില്ലാ പഞ്ചായത്ത് മെമ്പർ, പരിധിയിലുള്ള ക്ഷീരസംഘം പ്രസിഡന്റുമാർ, ക്ഷീരകർഷകർ 2 പേർ, എസ്.എൽ.ബി.പി സർക്കിൾ വെറ്ററിനറി സർജൻ. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ടി സമിതിയുടെ കാലാവധി മൂന്ന് വർഷമാണ്. തദ്ദേശസ്വയം ഭരണ സ്ഥാപന തിരഞ്ഞെടുപ്പ് കഴിഞ്ഞു പുതിയ ജനപ്രതിനിധികളും ഭരണസമിതികളും അധികാരമേറ്റ സാഹചര്യത്തിൽ ടി സമിതികൾ ആയതിന് അനുസരിച്ച് പുന:സംഘടിപ്പേക്കേണ്ടതുണ്ട്. മൂന്ന് വർഷ കാലാവധി പൂർത്തീകരിച്ച സമിതികൾ പുതിയ ജനപ്രതിനിധികളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മുൻ സർക്കാർ ആരംഭിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ എന്ന പദ്ധതി കൂടുതൽ മൃഗാശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | മുൻ സർക്കാറിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പിന് കീഴിലെ 25 വെറ്ററിനറി പോളി ക്ലിനിക്കുകളും 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി |

| | | | |
|---|---|---|---|
| | | | സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ എന്ന പദ്ധതി കൂടുതൽ മൃഗാശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | മൃഗഡോക്ടർമാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങളും ചികിത്സാ ഉപകരണങ്ങളും നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (ഇ) | മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ 2900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 182 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 100 ലക്ഷം രൂപയും, വെറ്ററിനറി പോളീക്ലിനിക്കുകളുടേയും, ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മൃഗാശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങൾക്കുള്ള ചെലവുകൾ ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ